കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുമ്പള ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


**ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്**

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-6/1101/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 09-01-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കുമ്പള ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കുമ്പള ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ 1, 2,3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 6/1101/2019. തിയ്യതി: 09-01-2020.

# കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-11-2019മുതൽ 15-11-2019വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.ഗോപാല കൃഷ്ണ നായിക് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ .സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ .എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.രമ്യ.ടി | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പുണ്ടരികാക്ഷ. കെ .എൽ | 01-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.ബിജു എം | 01-04-2018 മുതൽ 02-07-2018 വരെ |
| | ശ്രീ.ഷൈൻ കുമാർ എ.ടി (A.S Incharge) | 03-07-2018 മുതൽ 28-08-2018 വരെ |
| | ശ്രീ.ജയൻ പി | 29-08-2018 മുതൽ 31-03-2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )**

| ക്രമ. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|

| നം | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | വേണ .ബി | 01-04-2018 മുതൽ 21-06-2018വരെ |
| | | വേക്കന്റ് | 22-06-2018 മുതൽ 01-07-2018വരെ |
| | | ഷൈൻ കുമാർ എ.ടി | 02-07-2018 മുതൽ 31-3-2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ജനോവ കെ വി | 01-04-2018 മുതൽ 09-07-2018 FNവരെ |
| | | രജീഷ് കുമാർ സി | 09-07-2018 ANമുതൽ24-10-2018 FNവരെ |
| | | പ്രിയ എ | 24-10-2018 AN മുതൽ 31-3-2019 വരെ |
| 3 | കൃഷി ഓഫീസർ | സാജു എസ്.എസ് | 01-04-2018 മുതൽ 13-03-2019 FN വരെ |
| | | ചഞ്ചല | 13-03-2019 AN മുതൽ 31-03-2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | നളിനി. | 01-04-2018 മുതൽ 31-03-2019 വരെ |
| 5 | വി.ഇ.ഒ | ആര്യ പി | 01-04-2018 മുതൽ 31-3-2019 വരെ |
| | വി.ഇ.ഒ | മുസ്തഫ എം | 01-4-2018 മുതൽ 31-3-2019 വരെ |
| 6 | പ്രധാനാധ്യാപകൻ | രാമ ചന്ദ്ര ഭട്ട്. എസ് | 01-04-2018 മുതൽ 31-3-2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ. സൂസൻ വർഗ്ഗീസ് | 01-04-2018 മുതൽ01-07-2018 വരെ |
| | | ഡോ.ആക്റ്റി ജോർജ് | 02-07-2018 മുതൽ11-10-2018 വരെ |
| | | ഡോ. കിഷോർ കുമാർ | 12-10-2018 മുതൽ 05-11-2018 വരെ |
| | | ഡോ.ജിഷ കെ ജയിംസ് | 06-11-2018 മുതൽ 12-12-2018 വരെ |
| | | ശ്യാം എസ് | 13-12-2018 മുതൽ 31-3-2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | സുബ്ബ ഗട്ടി | 01-04-2018 മുതൽ 31-3-2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | മഹേഷ് പി.എസ് | 01-04-2018 മുതൽ 31-3-2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ,ഹോമിയോ | പ്രസീത കെ പി | 01-04-2018 മുതൽ 31-3-2019 വരെ |
| 11 | മെഡിക്കൽ ഓഫീസർ, യുനാനി | ഡോ.ഷക്കീർ അലി | 01-04-2018 മുതൽ 31-3-2019 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | അബ്ദുള്ള.കെ.പി | 01-04-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| | | |

| | | |
|---|---|---|
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല | 1-12 |
| 13 | മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 14 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ | 1-14 |
| 15 | അനധികൃത നിർമ്മാണവും ക്രമവൽകരണവും -അപാകതകൾ | 1-15 |
| 16 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-16 |
| 17 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് | 1-17 |
| 18 | പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല-പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.68 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല. | 1-18 |
| 19 | റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-19 |
| 20 | അസിസ്റ്റന്റ് എഞ്ചിനിയർ-ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ അപാകത | 1-20 |
| 21 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല | 1-21 |
| 22 | തെരുവ് വിളക്ക് പരിപാലനം-സംയുക്ത പരിശോധന നടത്തിയിട്ടില്ല-രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-22 |
| 23 | ഹരിത കേരള മിഷൻ -പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല. | 1-23 |
| 24 | ഓണം അഡ്വാൻസ്- തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-24 |
| 25 | എസ്.സി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ-കോളനി തിരിച്ചുള്ള കണക്ക് ലഭ്യമാക്കിയില്ല | 1-25 |
| 26 | ബാലസഭ -ട്രഷറി ബില്ലിൽ അക്കൗണ്ട് തെറ്റായി രേഖപ്പെടുത്തി- സി.ഡി.എസ് അക്കൗണ്ടിൽ തുക എത്തിയിട്ടില്ല | 1-26 |
| 27 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം- അപാകത | 1-27 |
| 28 | എസ്.എസ്.എ വിഹിതം നല്കിയത് വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-28 |
| 29 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - കരാറിൽ ഏർപ്പെട്ടില്ല -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ല്ല. | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-30 |
| | | |
| | **ഭാഗം II**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 31 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത | 2-1 |
| 32 | റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| | **ഭാഗം III**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 33 | ഗവ:സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം - മരഫർണിച്ചറുകൾക്ക് കൂടിയ നിരക്ക് അംഗീകരിച്ചു.-അപാകതകൾ | 3-1 |
| | **ഭാഗം IV**<br>**ഓഡിറ്റ് പ്രത്യവലോകനം** | |
| | | |

| | | |
|---|---|---|
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 42 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 09-03-2018 ൽ ചേർന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ചിരുന്നു. എന്നാൽ ഭരണ സമിതി തീരുമാനത്തിൽ ( 26-3-2018 ലെ 1/1 നമ്പർ തീരുമാനം) ബജറ്റ് വിശദാംശങ്ങൾ കൃത്യമായി ചേർത്തിട്ടില്ല. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് ശുപാർശകൾ നല്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സ്, അച്ചടിച്ച ബജറ്റിന്റെ കോപ്പി എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 9247911 |
| വരവ് | 182623000 |
| ആകെ | 191870911 |
| ചെലവ് | 186940625 |
| നീക്കിയിരിപ്പ് | 4930286 |

2018-19 വർഷത്തെ Revised ബജറ്റ് 21-02-2019 ലെ 1/2019 നമ്പർ തീരുമാനം പ്രകാരം ഭരണ സമിതി അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 20681331 |
| വരവ് | 112692544 |
| ആകെ | 133373875 |

| | |
|---|---|
| ചെലവ് | 126510900 |
| നീക്കിയിരിപ്പ് | 6862975 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 27-8-2019 (പുന:സമർപ്പണം) | - | - |

# 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 64,63,240.64 |
| വരവ് | 9,54,56,378 |
| ആകെ | 10,19,19,618.64 |
| ചെലവ് | 7,66,25,781 |
| നീക്കിയിരിപ്പ് | 2,52,93,837.64 |

# 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26555000 | 26555000 | 21245638 | 5309362 | 80.01 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6388000 | 6388000 | 2710324 | 3677676 | 42.43 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 742000 | 742000 | 75000 | 667000 | 10.11 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9819000 | 9819000 | 2284837 | 7534163 | 23.27 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5491000 | 5991000 | 2117544 | 3373456 | 38.56 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12325000 | 12325000 | 6084797 | 6240203 | 43.37 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് തുക മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്)

<u>**ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ് മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21245638 | 21245638 | 21245638 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 2710324 | 2710324 | 2710324 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 75000 | 75000 | 75000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2284837 | 2284837 | 2284837 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2117544 | 2117544 | 2117544 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6084797 | 6084797 | 6084797 | |
| ബി ഫണ്ട്--തൊഴിൽ രഹിത വേതനം | | 34,800 | 34,800 | 34,800 | |
| വിവാഹ ധനസഹായം | | 10,20,000 | 10,20,000 | 10,20,000 | |
| തൊഴിലുറപ്പ് പദ്ധതി 100 ദിന സഹായം | | 1,78,000 | 1,78,000 | 1,78,000 | |
| TSB സംയുക്ത പദ്ധതി | 1,00,115 | 57,04,404 | 58,04,519 | 52,87,797 | 5,16,722 |
| ട്രഷറി TSB ജനറൽ പർപ്പസ് | (-) 48,49,494 | 2,52,36,428 | 2,03,86,934 | 97,47,989 | 1,06,38,945 |
| കേന്ദ്രാവിഷ്കൃത പദ്ധതി (തൊഴിലുറപ്പ്) | 46,194 | 4,73,502 | 5,19,696 | 32,210 | 4,87,486 |
| ഹരിയാലി | 53,874 | 2,183 | 56,057 | 118 | 55,939 |
| ദുരിതാശ്വാസ നിധി | 3,670 | 149 | 3,819 | - | 3,819 |
| തനത്ഫണ്ട് (വിവിധ അക്കൗണ്ടുകൾ) | 1,11,08,881 | 1,70,01,223 | 2,81,10,104 | 1,73,66,549 | 1,07,43,555 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 238 | 97 | - | 141 | 40.75% |

,,,

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 46,194 | 4,73,502 | 5,19,696 | 32,210 | 4,87,486 |
| 100 ദിനം തൊഴിൽ അലവൻസ് | | 1,78,000 | 1,78,000 | 1,78,000 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 2,17,41,720 | 2,17,41,720 | 2,17,41,720 | |
| ആകെ | 46194 | 2,23,93,222 | 2,24,39,416 | 2,,1951,930 | 4,87,486 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 1092 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ (അഡീഷണൽ പ്ലാൻ ഉൾപ്പടെ) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു.

എന്നാൽ തൻ വർഷം 165 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 69512 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 459 കുടുബങ്ങളുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34,800 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 8,02,800 | 63 |
| വിധവാപെൻഷൻ | 2,38,30,800 | 2131 |
| വാർദ്ധക്യകാലപെൻഷൻ | 2,48,92,100 | 2304 |
| വികലാംഗപെൻഷൻ | 76,06,700 | 629 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,95,800 | 21 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 10,20,000 | 34 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2019 തീയതിയിൽ 2.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 5,475 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| | | |

| | | |
|---|---|---|
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾ ടൈം സ്വീപ്പർ | 4 |
| 9 | പാർട്ട് ടൈം നേഴ്സറി ടീച്ചർ | 1 |
| 10 | പാർട്ട് ടൈം നേഴ്സറി ആയ | 1 |

2017-2018 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന തസ്തികകൽ പലതും ദീർഘകാലമായി ഒഴിഞ്ഞുകിടന്നിരുന്നു. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്. വിവിധ തസ്തികളിലെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | തസ്തിക ഒഴിഞ്ഞുകിടന്നിരുന്ന കാലയളവ് |
|---|---|---|
| 1 | സെക്രട്ടറി | 02.07.2018 മുതൽ 12.08.2018 വരെ |
| 2 | ജൂനിയർ സൂപ്രണ്ട് | 08.08.2018 മുതൽ 08.10.2018 വരെ |
| 3 | അക്കൗണ്ടന്റ് | 09.08.2018 മുതൽ 13.01.2019 വരെ |

15.10.2018 ലെ ഉത്തരവ് നം എ2/41/2018/എസ്.സി1 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.കർമിന.യു. | പാർട്ട് ടൈം നേഴ്സറി ആയ |
| 2 | ശ്രീമതി.മൈമൂന | പാർട്ട് ടൈം നേഴ്സറി ടീച്ചർ |
| 3 | ശ്രീമതി.സരോജനി.യു | ഓഫീസ് അറ്റൻഡന്റ് |
| 4 | ശ്രീ.പദ്മനാഭ.കെ | ഫുൾ ടൈം സ്വീപ്പർ |
| 5 | ശ്രീമതി.ശാലിനി.കെ | ഫുൾ ടൈം സ്വീപ്പർ |

കേരള സർവീസ് ചട്ടം ഭാഗം 3ലെ ചട്ടം 150 പ്രകാരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ട ജീവനക്കാരുടെ സേവന പരിശോധനപത്രം (Memorandum of verifrcation of service) ആരുടെയും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്രീ.അജിത്.എം.ആർ, ഓഫീസ് അറ്റൻഡന്റിന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയ ജനനതീയതി ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഇദ്ദേഹത്തിന്റെ പി.എസ്.സി അഡ്വൈസ് സമ്പന്ധിച്ച വിവരങ്ങളും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 19.08.2019 ന് കുമ്പള ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ലീനാ കുമാരി.കെ.വി, ക്ലാർക്ക് എന്നവരുടെ സേവന പുസ്തകത്തിൽ ശമ്പള വിവരങ്ങൾ ചേർത്തിട്ടില്ല. അതുപോലെ 21.08.2019 ന് കുമ്പള ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ദീപക്.പി, സീനിയർ ക്ലാർക്ക് എന്നവരുടെ സേവന പുസ്തകത്തിലും ശമ്പള വിവരങ്ങൾ ചേർത്തിട്ടില്ല. ജീവനക്കാരുടെ സേവന പുസ്തകങ്ങൾ സമയാസമയങ്ങളിൽ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ഹാജർ പുസ്തകത്തിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ജീവനക്കാർ അവധിയെടുക്കുന്നത് കൃത്യമായ് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും ചില വരവ്-ചിലവുകൾ വാർഷിക കണക്കിൽ ഉൾപ്പട്ടിട്ടില്ല. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നില്ല. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിക്കായി ഒരു അക്കൌണ്ട് ഉണ്ടെങ്കിലും ആയതിൽ തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സഞ്ചയ സോഫ്റ്റവെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. തൻ വർഷം 74 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. നികുതി പരിവ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2017-2018 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരമസമിതി 31 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 12.06.2018ലെ തീരുമാനം നം-27/18 പ്രകാരം 100% നികുതി പിരിവ് കൈവരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിക്കുകയും ഈ തീരുമാനം നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയുട്ടുണ്ടെങ്കില്ു 74% നികുതി പിരിവ് മാത്രമെ കൈവരിച്ചിട്ടുള്ളൂ. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2019 | 8/2019 വരെ | 17-09-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.04.2018 | 2013-14 മുതൽ 2017-18 വരെ | 28.06.2018 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ.

1. 2017-18വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ), (എഫ്).

2. Kerala grameen bank - 5888 -ന്റെ റീ-കൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള രണ്ട് ചെക്കുകൾ (₹11,000- വൗച്ചർനം 118090500034/17.9.2018) ((₹1,840- വൗച്ചർനം 21800992/19.3.2018) ഉൾപ്പെടുത്തിക്കാണുന്നു..

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320700104 | Contributions for joint venture projects (for Capital Expenditure) – from Block Panchayats | 21,53,601 |
| 320700105 | Contributions for joint venture projects (for Capital Expenditure) – from dist Panchayats | 10,00,000 |
| 320700205 | Contributions for Joint Venture Projects (for Revenue Expenditure) – from dist Panchayats | 1,41,425 |
| 320300199 | Grants , funds & contributions for specific purposes- other goverment agencies | 1,92,521 |
| 320200399 | Grants , funds & contributions for specific purposes- other than devalopment fund and state sponsore | 8,730 |
| 320200322 | Grants from suchithwa mission | 28,60,735 |

നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 4,40,400 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലാളികളിൽ നിന്നുമുള്ള തൊഴിൽ നികുതിയിനത്തിൽ 18,26,331 രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബിയുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച

വിശദാംശങ്ങൾ ഡി.സി.ബിയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വസ്തു നികുതി- തൻ വർഷം 62,01,392 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

7. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശ്യം, റസീറ്റ് നം, തിയതി) പഞ്ചായത്തിൽ ലഭ്യമല്ല.

# 1-12 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

**1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല.**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 15908 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 13370നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കണ്ടസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ 2013-14 മുതലുള്ള രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

**3.പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - നികുതി നിർണ്ണയ വിവരശേഖരണ ഫോറം തയ്യാറാക്കുന്നില്ല.**

2018-19 വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ, ഫയലിൽ കെട്ടിട ഉടമ നൽകിയ പെർമ്മിറ്റ്/ക്രമവൽക്കരണ അപേക്ഷ , ഫോം2ൽ വസ്തുനികുതി നിർണ്ണയ റിട്ടേൺ, ഓവർസിയർമാർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നമ്പർ 20/2011,തസ്വഭവ 14.01.2011 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി നികുതി നിർണ്ണയ വിവരശേഖരണഫോറം (ഫോം 6 )തയ്യാറാക്കുന്നില്ല. ടി റിപ്പോർട്ട് ഇല്ലാതെ തന്നെ സഞ്ചയയിൽ നികുതി തുക നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇപ്രകാരം സഞ്ചയയിൽ രേഖപ്പെടുത്തി തയ്യാറാക്കിയ ഫോം 6 മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് അംഗീകരിക്കാനാകില്ല. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് തയ്യാറാക്കിയ ഫോം 6 റിപ്പോർട്ട് ഇല്ലാതെ നികുതി നിർണ്ണയം നടത്തി വരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നം.05തീയ്യതി 12-11-2019). ***കെട്ടിടങ്ങളുടെ പൂർത്തീകരണ തീയ്യതി മുതലുള്ള വസ്തു നികുതിയും ഈടാക്കാത്തതുകൊണ്ടുണ്ടായ നഷ്ടവും, കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായുമുള്ള പരാമർശം ഖണ്ഡിക2(1)-ൽ ചേർത്തിട്ടുണ്ട്.***

മേൽ അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1)സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ

വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3)അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ച് നല്കിയത് അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4)ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നല്കേണ്ടതു/ നടത്തേണ്ടതുമാണ്.

5)വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കെട്ടിടം പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-13 മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു

A) വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് സമയം വരെ ഒൻപത് മൊബൈൽ ടവറുകളാണ് അസസ്സ്മെന്റ് ചെയ്തിട്ടുള്ളത്, ഈ ഒൻപത് ടവറുകളും 2013-14 വർഷങ്ങൾക്ക് മുൻപ് തന്നെ നികുതി നിർണയം നടത്തിയവയുമാണ്. 2013-14 വർഷത്തിനു ശേഷം പതിനഞ്ചോളം മൊബൈൽ ടവറുകൾക്ക് നിർമ്മാണാനുമതി പഞ്ചായത്ത് നല്കിയിട്ടുണ്ട്. വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ഒരു വർഷ കാലാവധിക്ക് ശേഷം ഈ ടവറുടമകൾ നിർമ്മാണാനുമതി പുതുക്കുകയോ, ടവറുകളുടെ കംപ്ലീഷൻ നല്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| സീ.നം | ഉടമസ്ഥന്റെ പേര്/ | പെർമിറ്റ്നം/ ഫയൽ നം | പെർമിറ്റ് കാലാവധി തീയ്യതി |
|---|---|---|---|
| 1 | Reliane JIO Infocom Ltd | A2-7448/17 dt..27.9.2017 | 26.9.2018 |
| 2 | Ascent Telecom Infrastructure | BA 90620/17 dt.29.12.2017 | 28.12.2018 |
| 3 | Reliane JIO Infocom Ltd | BA 89144/17 dt.27.12.2017 | 26.12.2018 |
| 4 | Reliane JIO Infocom Ltd | BA 246705/18 dt.11.2.2018 | 10.2.2019 |
| 5 | Reliane JIO Infocom Ltd | BA 246701/18 dt.19.9.2018 | 18.9.2019 |
| 6 | Reliane JIO Infocom Ltd | BA 3323/14 dt.4.3.2014 | 3.3.2015 |
| 7 | Ascent Telecom Infrastructure | BA 13633/14 dt.22.12.2014 | 21.12.2015 |
| 8 | Ascent Telecom Infrastructure | BA 13634/14 dt.22.12.2014 | 21.12.2015 |
| 9 | Ascent Telecom Infrastructure | BA 13635/14 dt.22.12.2014 | 21.12.2015 |
| 10 | Ascent Telecom Infrastructure | 11644/19.11.2015dt.5.12.2015 | 4.12.2016 |

| | | | |
|---|---|---|---|
| 11 | Indus Tower Ltd | BA 4964/16 dt.12.4.2016 | 11.4.2017 |
| 12 | Circle head, ATC Telecom Tower co- Pvt Ltd. | A2-13883/16 dt.8.12.2016 | 7.12.2017 |
| 13 | Reliane JIO Infocom Ltd | BA246597/18dt.16.4.2018 | 15.4.2019 |
| 14 | Reliane JIO Infocom Ltd | BA 62961/19 dt.13.2.2019 | 12.2.2020 വരെ നിർമാണാനുമതിയുണ്ട്. |
| 15 | Reliane JIO Infocom Ltd | BA66111/19dt.25.2.2019 | 24.2.2020 വരെ നിർമാണാനുമതിയുണ്ട്. |

മേൽ വിവരിച്ച 13 (സീ.നം-13വരെ) മൊബൈൽ ടവറുകളും നാളിതു വരെ നിയമാനുസൃതമായ അനുമതിയോ, കെട്ടിട നമ്പറോ ഇല്ലാതെയും, വസ്തു നികുതി അടവാക്കാതെയും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. മാത്രമല്ല, അനധികൃത നിർമാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി വരുന്ന രജിസ്റ്ററിലോ "സഞ്ചയ"സോഫ്റ്റ് വെയറിലോ മേൽ ടവറുകളുടെ വിവരവും, അവയിൽ നിന്നും നിലവിൽ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ പെർമിറ്റ് നേടാതെയും,നമ്പറില്ലാതെയും വസ്തു നികുതി അടവാക്കാതെയും ഇത്തരത്തിൽ അനധികൃതമായിട്ടുള്ള മുഴുവൻ നിർമാണങ്ങൾക്കെതിരെയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം,സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 20,137,138 പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും,ക്രമവല്ക്കരിക്കുന്നത്/പൊളിച്ചു നീക്കുന്നത് വരെ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കാനും, നിയമപ്രകാരമുള്ള എല്ലാ രേഖകളും ലഭ്യമാക്കി ക്രമവല്ക്കരിക്കുന്ന പക്ഷം അവയ്ക്കു ബാധകമായിട്ടുള്ള മുഴുവൻ വസ്തു നികുതി, പെർമിറ്റ്/റഗുലറൈസേഷൻ ഫീസ് തുടങ്ങിയവ നിർണയിച്ചു പിഴ സഹിതം മുൻകാല പ്രാബല്യത്തോടെ ഈടാക്കാനും ആയത് "സഞ്ചയ"യിൽ അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.10/14.11.2019 ന മറുപടി നല്കിയിട്ടില്ല.

<u>B)മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.</u>

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിക്കുമ്പോൾ പെർമിറ്റ് ഫീസ് 10,000/-, അപേക്ഷാ ഫീസ് 1000/-, മൊബൈൽ ടവറുകളുടെ Pole structure ന്റെ നിർമ്മാണത്തിന് (ഉണ്ടെങ്കിൽ മാത്രം) 2,500/- , മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പ്രത്യേകം അപേക്ഷാ ഫീസ് വേണ്ട എന്നാൽ പെർമിറ്റ് ഫീസ് ഒരു യഥാർത്ഥ കെട്ടിടത്തിന് ബാധകമായ രീതിയിൽ ഈടാക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം). എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇതുവരെ മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ആയത് ശ്രദ്ധിക്കേണ്ടതാണ്.

# 1-14 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(1). ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല.

(2). ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3). കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4). അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ 'നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾക്ക് വിധേയമാണ് / അല്ല എന്ന് രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(5). അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം വന്നിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ നിരവധി അപേക്ഷകൾ തീർപ്പ് കല്പിക്കാതെ നിലനില്ക്കുന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു,

| 2018-19വർഷം ആകെ ലഭിച്ച അപേക്ഷ | 201819വർഷം പെർമ്മിറ്റ് നല്കിയുടെ എണ്ണം | 2018-19വർഷം നിരസിച്ചവയുടെ എണ്ണം | 2018-19വർഷം ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ ബാക്കിയുള്ളവ | മുൻ വർഷങ്ങളിലെ അപേക്ഷകളിൽ തീർപ്പാക്കാത്തവ | ആകെ തീർപ്പാക്കുവാൻ ബാക്കിയുള്ളവ |
|---|---|---|---|---|---|
| 226 | 169 | 1 | 56 | 36 | 92 |

(6).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മേൽ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം തന്നെ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണവും ക്രമവൽകരണവും -അപാകതകൾ

<u>A)റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്,ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 84,100 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-9 തീയ്യതി 14-11-2019).

<u>B)നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.</u>

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്.ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ(അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2 വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി ഈടാക്കുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-13/22.12.2018.)

# 1-16 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 660 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന 552 സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാ-

| ലൈസൻസ് നം | അപേക്ഷപ്രകാരംസ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|
| 417 | 4 ജീവനക്കാർ | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഓരോ സ്ഥാപനത്തിലേയും ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ. |
| 426 | 5 ജീവനക്കാർ | |
| 479 | 9 ജീവനക്കാർ | |
| 504 | 4 ജീവനക്കാർ | |
| 533 | 5 ജീവനക്കാർ | |
| 537 | 4 ജീവനക്കാർ | |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെയുള്ള 660 സ്ഥാപനങ്ങളിൽ 8എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 552 സ്ഥാപനങ്ങളിലായി 1104 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് 9,93,600/- രൂപ (1104x450x2) തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്, അപേക്ഷകളിൽ രേഖപ്പെടുത്തിയ മുഴുവൻ ജീവനക്കാരുടേയും അർദ്ധവാർഷിക വരുമാനം ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായും കാണുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃത മാർഗ്ഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്

കേരള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 30.03.2019 ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം, വിവിധ തരത്തിലുള്ള റോഡുകളുടെ റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റിസ്റ്റോറേഷൻ വിഡ്ത്ത് , ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT

സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

റിലയൻസ് ജിയോ, ഗ്രാമപഞ്ചായത്തിലെ മൊഗ്രാൽ GVHS റോഡിൽ (1.4Km) ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 0.50 മീറ്റർ വീതിയിലും 1.65 മീറ്റർ ആഴത്തിലും ട്രഞ്ച് കീറുന്നതിനുള്ള അനുമതിക്കായി 7.2.2018 നം, അനിൽ കുബ്ലേ റോഡിൽ (1.3Km) ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 0.50 മീറ്റർ വീതിയിലും 1.65 മീറ്റർ ആഴത്തിലും ട്രഞ്ച് കീറുന്നതിനുള്ള അനുമതിക്കായി 27.2.2018 നം ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും, അപേക്ഷകൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസി.എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തു. എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ (റിസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നുമുള്ള നിർദ്ദേശം) പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഫയൽ നമ്പർ | അപേക്ഷകന്റെ പേര് / ഫയൽ നമ്പർ | റോഡിന്റെ | | വിസ്തീർണ്ണം | നിരക്ക് /m2 | ഈടാക്കിയ റോഡ് കട്ടിംഗ് ചാർജ് | ഈടാക്കേണ്ടിയിരുന്നറോഡ് കട്ടിംഗ് ചാർജ് | കുറവ് |
|---|---|---|---|---|---|---|---|---|
| | | നീളം | സർക്കുലർ പ്രകാരം എടുക്കേണ്ട വീതി | | | | | |
| AE-1723/19 dt.15.2.2019 | Reliance Jio , Infocom Ltd | 900m | 1m | 900m2 | 6252.24/m2 | 4220262 | 5627016 | 1406754 |
| SC3-2083/19 dt.27.2.2019 | Reliance Jio , Infocom Ltd | 900m | 1m | 900m2 | 3722.14/m2 | 2512444.5 | 3349926 | 837481.5 |
| ആകെ | | | | | | | | 22,44,235.5 |

സ്വകാര്യ കമ്പനികളുടെ ഒ.എഫ്.സി കേബിളുകൾക്ക് അനുമതി നൽകുന്ന സംഗതികളിൽ റോഡുകളുടെ കട്ടിംഗ്, റിസ്റ്റോറേഷൻ എന്നിവയുടെ ഫീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-15 തീയ്യതി 15-11-2019).

## 1-18 പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല-പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.68 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2018-2019 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 6.13 കോടി രൂപ (₹ 61320000/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.45കോടി രൂപ (₹ 34518140/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 2.68 കോടി രൂപ (₹ 26801860/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ

പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 43.71% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത് (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 26555000 | 21245638 | 5309362 | 80.01 |
| വികസനഫണ്ട് എസ്.സി.പി | 6388000 | 2710324 | 3677676 | 42.43 |
| വികസഫണ്ട് ടി.എസ്.പി | 742000 | 75000 | 667000 | 10.11 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12325000 | 6084797 | 6240203 | 49.37 |
| സംരക്ഷണഗ്രാന്റ് -റോഡ് | 9819000 | 2284837 | 7534163 | 23.27 |
| സംരക്ഷണ ഗ്രാന്റ്- നോൺറോഡ് | 5491000 | 2117544 | 3373456 | 38.56 |
| ആകെ | 61320000 | 34518140 | 26801860 | 56.29 |

2018-19 സാമ്പത്തിക വർഷം ആകെ 238 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 97 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 40.76% മാത്രമാണ് നടപ്പിലാക്കിയത്. അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, പ്രധാനാധ്യാപകൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ (യുനാനി) എന്നീ നിർവ്വഹണോദ്യോഗസ്ഥന്മാർ തൻവർഷം നടപ്പാക്കുവാനുണ്ടായിരുന്ന പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കിയിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതിരേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | | |
| 1 | മെഡിക്കൽ ഓഫീസർ -യുനാനി. | 1 | 900000 | 0 | 0 | 0 | 0 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 142 | 51365878 | 46 | 11598723 | 22.58 | 32.39 |
| 3 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 3427320 | 6 | 985940 | 28.77 | 50 |
| 4 | സെക്രട്ടറി | 28 | 11614371 | 10 | 3373480 | 29.05 | 35.71 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 49175027 | 6 | 20969333 | 42.64 | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | പ്രധാനാധ്യാപകൻ | 13 | 6786800 | 4 | 3964366 | 58.41 | 30.77 |
| 7 | വെറ്ററിനറി സർജ്ജൻ | 5 | 1453700 | 4 | 948954 | 65.28 | 80 |
| 8 | കൃഷി ഓഫീസർ | 8 | 6412577 | 7 | 4600113 | 71.74 | 87.50 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8152472 | 6 | 6644922 | 81.51 | 54.55 |
| 10 | ഫിഷറീസ് സബ്-ഇൻസ്പെക്ടർ | 2 | 542000 | 2 | 433600 | 80.00 | 100 |
| 11 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 5 | 1521300 | 5 | 1333469 | 87.65 | 100 |
| 12 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 400000 | 1 | 400000 | 100 | 100 |
| | ആകെ | 238 | 141751445 | 97 | 55252900 | 38.98 | 40.76 |

നിർവ്വഹണോദ്യോഗസ്ഥന്മാരായ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 35.71% മാത്രമാണ് ചെലവഴിച്ചത്, തൻവർഷം നിർവ്വഹണത്തിനുണ്ടായിരുന്ന 28 പ്രൊജക്ടുകളിൽ 10 പ്രൊജക്ടുകൾ മാത്രമാണ് സെക്രട്ടറി നടപ്പാക്കിയത്. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ 6 എണ്ണവും വിവിധ നിർവ്വഹണ ഏജൻസികൾക്ക് പദ്ധതി നിർവ്വഹണത്തിനായി തുക കൈമാറുന്നതാണ്. തൻവർഷം വകയിരുത്തിയ തുകയുടെ 22.58% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. 142 പ്രൊജക്ടുകളാണ് (92 പുതിയ പദ്ധതികളും 50 സ്പിൽ ഓവർ പദ്ധതികളും) അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനുണ്ടായിരുന്നത്, ഇതിൽ 46 പ്രൊജക്ടുകളാണ് (21 പുതിയ പദ്ധതികളും 25 സ്പിൽ ഓവർ പദ്ധതികളും) തൻവർഷം നടപ്പാക്കിയത്.

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ വിവരം പ്രകാരം 2018-19 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 2018-19 സാമ്പത്തിക വർഷം മുഴുവൻ കാലയളവിലും ഗ്രാമ പഞ്ചായത്തിൽ ഒരു മുഴുവൻ സമയ അസിസ്റ്റന്റ് എഞ്ചിനിയറുടെ സേവനം ലഭ്യമായിട്ടില്ല. 09.07.2018 മുതൽ 23.10.2018 വരെ മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധിക ചുമതലയും 01.01.2019 മുതൽ മുതൽ 31.03.2019 വരെ ഉദുമ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധിക ചുമതലയുമായിരുന്നു. |
| 2 | ഓവർസിയർ ഗ്രേഡ്-2 | 1 | ഈ തസ്തിക 01.04.2018 മുതൽ മുതൽ 31.07.2018വരെ ഒഴിഞ്ഞുകിടന്നിരുന്നു. 01.08.2018 മുതൽ ദിവസവേതനാടി സ്ഥാനത്തിൽ ഒരാളെ നിയമിച്ചു. |
| 3 | ഓവർസിയർ ഗ്രേഡ്-3 | 1 | ഈ തസ്തിക 19.02.2019 മുതൽ മുതൽ 28.02.2019 വരെ ഒഴിഞ്ഞുകിടന്നിരുന്നു കൂടാതെ 01.03.2019 മുതൽ 31.03.2019 വരെ മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ ഓവർസിയർക്ക് അധിക ചുമതലയുമായിരുന്നു. |
| 4 | ക്ലാർക്ക് | 1 | 19.07.2018 മുതൽ തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത്. ജീവനക്കാരുടെ കുറവ് ഈ മേഖലയിലെ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചു. വൻതുക ലാപ്സായത് എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തപ്പോൾ പഞ്ചായത്തിൽ ഏറ്റവുമധികം പദ്ധതികൾ

നിർവ്വഹണം നടത്തേണ്ടിയിരുന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ തസ്തികയിൽ ഒരു ഫുൾ ടൈം എഞ്ചിനിയറുടെ സേവനം ജനുവരി മാസം മുതൽ ലഭ്യമല്ലാത്തതും ഓവർസിയർമാരുടെ തസ്തിക ദീർഘകാലം ഒഴിഞ്ഞുകിടന്നതും പദ്ധതി പണം ചെലവഴിക്കുന്നതിന് തടസ്സമായി എന്ന് പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിൽ സജീവമായി പ്രവത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും പ്രവരത്തനം കാര്യക്ഷമമല്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.</u>

2018-19 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചില വർക്കിങ്ങ് ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുണ്ടെങ്കിലും യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് മിനുട്സ് പുസ്തകത്തിൽ ഉള്ളത്. യോഗത്തിൽ പദ്ധതി പ്രവർത്തനങ്ങളൊന്നും  അവലോകനം ചെയ്തിട്ടില്ല. തൻവർഷം പല വർക്കിംഗ് ഗ്രൂപ്പുകളും പേരിനുമാത്രമായാണ് പ്രവർത്തിച്ചത്. പട്ടികജാതി/പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് 26.10.2018, 10.12.2018 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് മിനുട്സ് പുസ്തകത്തിൽ ഉള്ളത്. പൊതുമരാമത്ത്, കുടിവെള്ളം, വിദ്യാഭ്യാസം, പ്രാദേശിക സാമ്പത്തിക വികസനം, ആരോഗ്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പുസ്തകം പരിശോധിച്ചതിൽ നിന്നും 2018-2019 വർഷം യോഗം ചേർന്നിട്ടില്ല. കൃഷി, ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, വനിതാവികസനം, ശുചിത്വം (മാലിന്യപരി പാലനം ഉൾപ്പെടെ), സംസ്കാരം, കലാ-കായിക-യുവജനക്ഷേമം, ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, വനിതാവികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടില്ല. 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത്.

<u>മോണിറ്ററിംഗ് നടത്തുന്നില്ല.</u>

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളൊ ചർച്ചയോ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമല്ല.

ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2018-2019 വർഷത്തിൽ 7 തവണ (28.09.2018, 28.12.2018, 23.01.2019, 07.02.2019, 20.02.2019, 27.02.2019, 05.03.2019 എന്നീ തീയതികളിൽ) കൂടിയിട്ടുണ്ട്. കരാറുകാർ സമർപ്പിച്ച ക്വട്ടേഷനുകൾ/ടെണ്ടറുകൾ കൃത്യമായ പരിശോധന നടത്തിയല്ല വാങ്ങൽ പദ്ധതികൾ നടപ്പാക്കിയത്. ഉദാഹരണത്തിന് നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ തൻവർഷം നടപ്പാക്കിയ ഗവൺമെന്റ് സ്കൂളുകളിലേക്ക് ഫർണിച്ചർ (പ്രൊജക്ട് നം 224/18/19) എന്ന പദ്ധതികൾ പ്രകാരം കൂടിയ നിരക്ക് 'ക്വാട്ട്' ചെയ്ത സ്ഥാപനങ്ങളിൽ നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ഇത് സമ്പന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമൊന്നും എടുത്തിട്ടില്ല.

## 1-19 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 1-20 അസിസ്റ്റന്റ് എഞ്ചിനിയർ-ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ അപാകത

1)ക്യാഷ് ബുക്ക് ടി.ആർ.7-എ മാതൃകയിലല്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് അല്ല. 12-04-2006 ലെ ജി.ഒ(പി) നം 177/2006/ധന പ്രകാരം നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തേണ്ടത്. ആയതിനാൽ ടി.ആർ 7-എ ക്യാഷ്ബുക്ക് ഉപയോഗിക്കേണ്ടതാണ്.

2) ബിൽ ബുക്ക് പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച എല്ലാ തുകകളും ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

ചുവടെ പറയുന്ന ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകളും ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

| ബിൽ നം/തീയതി | തുക | ബില്ലിന്റെ വിവരം |
|---|---|---|
| 4/24.05.2018 | 4,650/- | ജി.യു.പി.എസ് കൊടിയമ്മ കളിസ്ഥലം |
| 5/24.05.2018 | 7,29,901/- | ചൂരിത്തടുക്ക-പെർവത്തടുക്ക റോഡ് റീടാറിംഗ്. |
| 9/10.04.2018 | 3,00,000/- | മഡ്വ റോഡ് ഇംപ്രൂവ്മെന്റ് |

3) കേരളാ ട്രഷറി കോഡ് വാല്യം 1ലെ റൂൾ 92(എ) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ല.

കേരളാ ട്രഷറി കോഡ് വാല്യം 1ലെ റൂൾ 92(എ) പ്രകാരം ക്യഷ് ബുക്കിൽ രേഖപ്പെടുത്തുന്ന എല്ലാ ഇടപാടുകളും ഓഫീസ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം എഴുതി സൂക്ഷിച്ച ക്യാഷ്ബുക്കിലെ വരവ്-ചെലവുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# 1-21 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

2018-2019 വർഷം തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവർത്തികൾക്കായി ടെണ്ടർ നടപടികളിലൂടെ കരാറുകാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആദായ നികുതി നിയമം സെക്ഷൻ 194 cപ്രകാരം ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (1%) ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 6 തീയതി 13.11.2019).

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി (1%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|
| 1 | ആരിക്കാടി റിഫിയ നഗർ ഫൂട്ട് പാത്ത് റിനവേഷൻ | FTO 480242 തീ:01.02.2019<br>FTO 480243 തീ:01.02.2019 | 3,10,154/- | മൊഹമ്മദ് ഷമീർ.എം.കെ, ഉളുവാർ. | 3,102/- |
| 2 | ബദരിയ നഗർ മായിന്റടി റോഡ് കോൺക്രീറ്റ് | FTO 565863 തീ:03.07.2019<br>FTO 4565871 തീ:16.09.2019 | 2,87,144/- | എ.എം.മൊഹമ്മദ്, ബദരിയ നഗർ. | 2,871/- |
| 3 | പൊസ്തഡുക്ക-ഉണമൂല റോഡ് കോൺക്രീറ്റ് | FTO 554207 തീ:16.09.2019 | 1,87,095/- | അബ്ദുള്ള.ബി, ബംബ്രാണ. | 1,871/- |
| 4 | നാങ്കി-കടപ്പുറം 2 ലിങ്ക് റോഡ് | FTO 469478 തീ:01.02.2019 | 3,14,380/- | മൊഹമ്മദ് ഷമീർ.എം.കെ, ഉളുവാർ. | 3,144/- |
| 5 | കിദൂർ-അമ്പിലഡുക്ക വാട്ടർ ഷെഡ് തോട് പാർശ്വസംരക്ഷണം കൊടിയാമ്മ. | FTO 572598 തീ:03.07.2019<br>FTO 572601 തീ:03.07.2019 | 2,77,739/- | അബ്ദുള്ള.ബി, ബംബ്രാണ. | 2,777/- |
| 6 | നമ്പിക്കരെ ഫൂട്ട് പാത്ത് കോൺക്രീറ്റ് | FTO 507400 തീ:28.10.2019 | 1,83,318/- | അബ്ദുള്ള.ബി, ബംബ്രാണ. | 1,833/- |
| 7 | കുണ്ടങ്കാരഡുക്ക റോഡ് ഡ്രൈനേജ് | FTO 594135 തീ:03.07.2019 | 1,80,624/- | അബ്ദുള്ള.ബി, ബംബ്രാണ. | 1,806/- |
| 8 | മുജങ്കാവ് ടെമ്പിൾ റോഡ് നിർമ്മാണം | FTO 597980 തീ:16.09.2019<br>FTO 597989 തീ:03.07.2019 | 3,74,358/- | അഞ്ചുഞ്ഞി.എ.ബി, ബംബ്രാണ. | 3,744/- |
| 9 | നെഞ്ചിക്കര മദ്ധ്യ കട്ടെ ഫൂട്ട് പാത്ത് | FTO 554210 തീ:03.07.2019 | 1,08,622/- | അബ്ദുള്ള.ബി, ബംബ്രാണ. | 1,086/- |

| | നിർമ്മാണം | | | | |
|---|---|---|---|---|---|
| | | | | ആകെ | 22,234/- |

(മേൽ പരാമർശിച്ച പ്രവൃത്തികൾ 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചതാണെങ്കിലും ചില പ്രവൃത്തികളുടെ തുക 2019-20 സാമ്പത്തിക വർഷത്തിലാണ് അനുവദിച്ചിട്ടുള്ളത് )

## 1-22 തെരുവ് വിളക്ക് പരിപാലനം-സംയുക്ത പരിശോധന നടത്തിയിട്ടില്ല-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വർഷം തോറും ഭീമമായ സംഖ്യ ചെലവഴിക്കപ്പെടുന്നുണ്ട്. 2017-18 2018-19 വർഷങ്ങളിലായി പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 53 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം 18 മിനിമാസ്റ്റ് ലൈറ്റുകളും, 2018-19 വർഷം എസ്.സി.പി ഫണ്ട് വിനിയോഗിച്ച് 195 തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. 2018-19 വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 13,67,085/-ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല . തെരുവ് വിളക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1).തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശം പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ,ഇനം, എണ്ണം ect.) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-23 ഹരിത കേരള മിഷൻ -പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല.

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ഹരിത കേരളം മിഷന്റെ ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിലായിരിക്കണം ആവിഷ്കരിക്കേണ്ടതെന്ന് വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണ

വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ പൊതു സമീപനം. ഗ്രാമ പഞ്ചായത്ത് തലത്തിൽ ഹരിത കർമ്മസേന രൂപീകരിച്ച് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുവാനും ഉപകരണങ്ങൾ സ്ഥാപിക്കുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി ആവിഷ്കരിക്കാം. ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനങ്ങൾ 2018 ൽ ആരംഭിച്ചിരുന്നുവെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണീഫോം വാങ്ങുന്നതിന് 21,000 രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന രൂപീകരിച്ചുവെങ്കിലും ഇതുസംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള തുടർ പ്രവർത്തനങ്ങളൊന്നും തന്നെ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ജൈവമാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ സഹായത്തോടെ വിവിധപദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുമെങ്കിലും ഓഡിറ്റ് കാലയളവിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിക്കാണുന്നില്ല. ഗാർഹിക തലത്തിൽ ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി , ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗപ്രദമായവ വിപണനം ചെയ്യുന്നതിനും, അവശേഷിക്കുന്നവ സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാത്ത തദ്ദേശസ്ഥാപനങ്ങൾക്ക് എതിരെ ദേശീയ ഹരിത ട്രൈബ്യൂണൽ ഭീമമായ പിഴ ചുമത്തുന്ന സാഹചര്യം നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി വിനിയോഗിക്കാതെ ഇത്തരത്തിൽ കോടതിനടപടികൾ നേരിടേണ്ടിവന്നാൽ ആയതിന് ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും തുല്യഅളവിൽ ഉത്തരവാദികളായിരിക്കും. ഇക്കാര്യം പരിശോധിച്ച് ഹരിത കേരള മിഷൻ മാർഗ്ഗരേഖ പാലിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും , പെതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് ബോധവൽകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി, പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-24 ഓണം അഡ്വാൻസ്- തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു.

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും ഓണം അഡ്വാൻസ് കൈപ്പറ്റിയ ജൈനുലാബുദ്ദീൻ ( സീ.ക്ലാർക്ക്) 3,000 രൂപ തിരികെ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്. നിലവിൽ ഇദ്ദേഹം ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയിട്ടുണ്ട്. മേൽ തുക നിലവിൽ ഇദ്ദേഹം ജോലിചെയ്യുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ ശരിയായി പരിപാലിക്കുന്നില്ല. ആയത് കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 എസ്.സി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ-കോളനി തിരിച്ചുള്ള കണക്ക് ലഭ്യമാക്കിയില്ല

എസ്.സി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതിയുടെ (പ്രൊ.നം.303/19) ഭാഗമായി 195 തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.-0520870/29-9-2018 ₹ 3,66,600) തെരുവ് വിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കോളനികൾ തിരിച്ച്

തയ്യാറാക്കിയിരുന്നുവെങ്കിലും, ഗ്രാമ പഞ്ചായത്ത് മെമ്പർമാർ നല്കിയ ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് എസ്.സി കോളനികൾ തിരിച്ചുള്ള വിശദാംശം ലഭ്യമല്ല. ഗ്രാമ പഞ്ചായത്ത് മെമ്പർമാർ ഓരോ വാർഡിലും സ്ഥാപിച്ച തെരുവ് വിളക്കിന്റെ എണ്ണമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. സപ്ലൈ ചെയ്ത സ്ഥാപനം നൽകിയ ഇൻസ്റ്റലേഷൻ റിപ്പോർട്ടിലും കോളനി തിരിച്ചുള്ള വിവരം ലഭ്യമല്ല. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് മുമ്പ് തയ്യാറാക്കിയ പട്ടികജാതി കോളനി തിരിച്ചുള്ള കണക്ക് , വാർഡ് മെമ്പർമാർ ലഭ്യമാക്കിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പ്രകാരമുള്ള കണക്ക് എന്നിവ ചുവടെ ചേർക്കുന്നു.

| സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടത് | | ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം വിവിധ വാർഡുകളിൽ സ്ഥാപിച്ചത് | |
|---|---|---|---|
| പട്ടികജാതി കോളനിയുടെ പേര് | എണ്ണം | വാർഡ് നമ്പർ | എണ്ണം |
| വെൽഫയർ സ്കൂൾ കുണ്ടങ്കാരഡുക്ക | 8 | 23 | 6 |
| ദർബാർക്കട്ടെ | 8 | 19 | 15 |
| മുളിയഡുക്ക | 8 | 17 | 8 |
| കൊട്ടേക്കർ | 8 | 16 | 19 |
| കുമ്പള കുണ്ടങ്കാരഡുക്ക | 8 | 14 | 8 |
| മളി | 7 | 13 | 7 |
| കാക്കളം | 6 | 10 | 21 |
| അണ്ടിത്തടുക്ക | 8 | 8 | 40 |
| അമ്പിലഡുക്ക | 6 | 6 | 6 |
| തിലക് നഗർ | 8 | 5 | 32 |
| തരിഗുഡ്ഡെ | 10 | 4 | 14 |
| ഇന്ദു ഗുരി | 8 | 3 | 12 |
| ആരിക്കാടി ഗുഡ്ഡെ | 4 | 2 | 4 |
| ആരിക്കാടി കാർലെ | 4 | 7 | 3 |
| ചമ്മുങ്ങോട് | 4 | | |
| ഗാന്ധിനഗർ | 15 | | |
| ബന്നത്തകടവ് | 8 | | |
| നീരോളി | 15 | | |
| പേരാൽ | 4 | | |
| ജോഡ്ക്കല്ല്/കഡങ്ങഗോളി | 16 | | |
| ചന്ദ്രമ്പള്ള | 6 | | |
| അർത്തില | 3 | | |

ഇക്കാര്യം പരിശോധിച്ച് ഓരോ വാർഡിലും സ്ഥാപിച്ചതായി പറയുന്ന തെരുവ് വിളക്കുകൾ ഏതൊക്കെ എസ്.സി കോളനികളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് മെമ്പർ, എസ്.സി.പ്രൊമോട്ടർ പട്ടികജാതി വികസനം വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി നടത്തിയ

3,66,600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം - തിയതി 12.11.2019)

## 1-26 ബാലസഭ -ട്രഷറി ബില്ലിൽ അക്കൗണ്ട് തെറ്റായി രേഖപ്പെടുത്തി- സി.ഡി.എസ് അക്കൗണ്ടിൽ തുക എത്തിയിട്ടില്ല.

പ്രൊ.നം 162/19 പ്രകാരം ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായി (കുടുംബശ്രീ സി.ഡി.എസ് മുഖേന) ഉല്ലാസ യാത്ര നടത്തിയതിന് 29,640/- രൂപയും , സെമിനാർ നടത്തിയതിന് 5,200/ രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.-192044/20.2.19 ₹ 29,640 & -01267317/28.2.2019 ₹5,200/-) ട്രഷറി ബില്ലിൽ തെറ്റായ അക്കൗണ്ട് നമ്പർ ചേർത്തതിനാൽ തുക നാളിതുവരെ സി.ഡി.എസ്.അക്കൗണ്ടിൽ ലഭിച്ചിട്ടില്ലാത്തതായി സി.ഡി.എസ്.അധികൃതർ അറിയിക്കുകയുണ്ടായി. ഇക്കാര്യം ട്രഷറിയിൽ ബന്ധപ്പെട്ട് ക്രമീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക സി.ഡി.എസ് അക്കൗണ്ടിൽ ലഭിച്ചത് സംബന്ധിച്ച് കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രധാന പ്രവർത്തനം സി.ഡി.എസ് അംഗങ്ങളും ബാലസഭാ അംഗങ്ങളും കൂടി നടത്തിയ ഉല്ലാസയാത്രയാണ്. ഉല്ലാസ യാത്രകൾ നടത്തുന്നതിന് പദ്ധതിമാർഗ്ഗരേഖ പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന നിർദ്ദേശങ്ങൾ പരിഗണിച്ച് ബാലസഭാ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം - തിയതി 12.11.2019)

## 1-27 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ 2018-19 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ പ്രൊ.നം.301/2019 (SO) (മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം.) പ്രകാരം 92 എണ്ണം വീതം സ്റ്റീൽ മേശ , പ്ലാസ്റ്റിക് കസേര എന്നിവ വിതരണം ചെയ്ത വകയിൽ 2,75,981 രൂപ (ചെക്ക്.നം 426739/5.7.2018 -തനത്ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്) നം 80/2017 തസ്വഭവ തി.03.4.2017 സബ്സിഡി മാർഗ്ഗരേഖ ഖ.8.4(എ) പ്രകാരം മത്സ്യതൊഴിലാളികളുടെ മക്കൾക്ക് വിതരണം ചെയ്യാവുന്ന ഫർണിച്ചർ മരം/ സ്റ്റീൽ നിർമ്മിതമായിരിക്കണം, അതുപോലെ സ.ഉ.(കൈ) നം 22/2018 തസ്വഭവ തി.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.3(സി) പ്രകാരം മരം കൊണ്ടുള്ള ഫർണിച്ചർ മാത്രമേ ഈ പദ്ധതിപ്രകാരം വിതരണം ചെയ്യാൻ സാധിക്കൂ. എന്നാൽ മേൽ രണ്ട് ഉത്തരവിലും പരാമർശിക്കാത്ത പ്ലാസ്റ്റിക് കസേരകളാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കണമെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടിയിരുന്നുവെങ്കിലും ഇത്തരത്തിൽ യാതൊരുവിധ അനുമതികളും നേടാതെയാണ് പ്ലാസ്റ്റിക് കസേരകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഭരണ സമിതി മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സാധൂകരണ ഉത്തരവ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സാധൂകരണ ഉത്തരവ് ലഭ്യമാക്കുന്നത് വരെ കസേരയ്ക്കായി ചെലവഴിച്ച 46,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 എസ്.എസ്.എ വിഹിതം നല്കിയത് വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

(നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രധാനധ്യാപകൻ)

2018-19 വർഷം എസ്.എസ്.എ ഗ്രാമ പഞ്ചായത്ത് വിഹിതം ഇനത്തിൽ 32,46,000 രൂപ പ്രൊ.നം 169/19 പ്രകാരം നൽകിയിട്ടുണ്ട്. തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്ന് എസ്.എസ്.എ അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് സർക്കാർ വിഹിതവും, ഗ്രാമ പഞ്ചായത്ത് വിഹിതവും ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള കണക്ക് സഹിതമുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - കരാറിൽ ഏർപ്പെട്ടില്ല -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2018-2019 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 24,00,581 രൂപ കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ പദ്ധതിയ്ക്ക് തുക കൈമാറുന്നതിന് മുമ്പായി ബന്ധപ്പെട്ട നിർവ്വഹണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന സർക്കാർ മാർഗ്ഗനിർദ്ദേശം അധികൃതർ പാലിച്ച് കാണുന്നില്ല (സ.ഉ(കൈ)നം.11/2018/തസ്വഭവ തി. 29.1.2018) കൂടാതെ ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്ന എസ്.സി.പി ഫണ്ട് ഉപയോഗിച്ച നാല് കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളിൽ സോഷ്യൽമാപ്പ് സൂക്ഷിച്ചിട്ടില്ല.അതുപോലെ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല,വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | പ്രൊ.നം 156/18-19 പിലങ്കരി കുടിവെള്ള പദ്ധതി (എസ്.സി.പി) | --258516/ 25-2-2019 | 4,00,000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് |
| 2 | ,, | പ്രൊ.നം 325/18-19 വിവിധ സ്ഥലങ്ങളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | --586392/ 29-09-2018 | 3,65,581 | കെ.എസ്.ഇ.ബി കുമ്പള സെക്ഷൻ |
| 3 | ,, | പ്രൊ.നം 184/18-19 കോയിപ്പാടി കുടിവെള്ള പദ്ധതി - പൈപ് ലൈൻ നീട്ടൽ | --1323582/ 08-03-2019 | 5,40,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി കാസറഗോഡ് |
| 4 | ,, | പ്രൊ.നം.154/18-19 ആരിക്കാടി കാർലേ കുടിവെള്ള പദ്ധതി (എസ്.സി.പി) | --1558508/ 27-2-2019.& | 2,95,000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് |
| | | | 1323562/ 08-3-2019 | 15,000 | |
| 5 | ,, | പ്രൊ.നം.161/18-19 നീരോളി എസ്.സി കോളനി കുടിവെള്ള പദ്ധതി (എസ്.സി.പി) | --1258521/ 25-2-2019.& | 3,50,000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് |
| | | | 1323580/ | 50,000 | |

| | | | | | |
|---|---|---|---|---|---|
| | | | 08-3-2019 | | |
| 6 | ,, | പ്രൊ.നം.159/18-19 കുമ്പള കുണ്ടങ്കാരടുക്ക കുടിവെള്ള പദ്ധതി(എസ്.സി.പി) | – -1258520/ 25-2-2019.& | 3,50,000 | -ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് |
| | | | 1323578/ 08-3-2019 | 35,000 | |
| | | | ആകെ | ₹24,00,581 | |

സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം നിർവ്വഹണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെയിരുന്നതിനും സോഷ്യൽ മാപ്പ് തയ്യാറാക്കാതെയിരുന്നതിനും കാരണം വിശദമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. മേൽ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതുവരെ മേൽ പട്ടികപ്രകാരം നടത്തിയ 24,00,581 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രൊ.നം.333/19, 331/19 എന്നിവ മുഖേന 2018-19 വർഷം 1.99 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ (കുമ്പള സർക്കിൾ& ബംബ്രാണ സർക്കിൾ ) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഭവന നിർമ്മാണമാരംഭിച്ച 24 പേർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതും, നിർമ്മാണ പൂർത്തീകരണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.(യൂണിറ്റ് നിരക്ക് 4,00,000)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| | **കുമ്പള സർക്കിൾ** | |
| 1 | ഖദീജ | 40,000 |
| 2 | സുബൈദ | 40,000 |
| 3 | പ്രേമ | 3,60,000 |
| 4 | സീനത്ത് | 2,60,000 |
| 5 | ജലജാക്ഷി | 3,60,000 |
| 6 | ജയലക്ഷ്മി | 3,00,000 |
| 7 | നളിനാക്ഷി | 3,60,000 |
| 8 | ഹസീന | 3,60,000 |
| 9 | ആയിഷത്ത് നസീമ | 2,60,000 |
| 10 | നബീസ | 2,60,000 |
| | **ബംബ്രാണ സർക്കിൾ** | |
| 11 | ശോഭ വിശ്വനാഥ | 2,00,000 |
| | | |

| | | |
|---|---|---|
| 12 | ശ്യാമള.എ. രാജ് കുമാർ | 3,60,000 |
| 13 | ഖദീജ അബ്ബാസ് | 2,00,000 |
| 14 | ശാരദ നാരായണ | 2,00,000 |
| 15 | കസ്തൂരി .ബി.എൻ | 2,00,000 |
| 16 | ബിഫാത്തിമ .വൈ യൂസഫ് | 2,00,000 |
| 17 | ആയിഷ അബ്ദുള്ള | 2,00,000 |
| 18 | പ്രകാശ് രാജ് | 2,00,000 |
| 19 | ഖദീജാബി .എച്ച്.എ അബ്ദുൾ റഹ്മാൻ | 3,00,000 |
| 20 | ജയന്തി വാസു പൂജാരി | 1,40,000 |
| 21 | താഹിറ അബ്ദുള്ള | 3,00,000 |
| 22 | ജൂലിയാന ഡിസോസ | 2,00,000 |
| 23 | വനജ കെ.കെ രാമ | 1,40,000 |
| 24 | ആയിഷ.എം അബൂബക്കർ | 40,000 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി.

A)കെട്ടിടത്തിന്റെ പൂർത്തീകരണ തീയ്യതി മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.

2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 15-അനുസരിച്ച് ഒരു കെട്ടിടത്തിന് നിശ്ചയിച്ച വസ്തു നികുതി ഒറ്റത്തവണയായോ രണ്ട് അർദ്ധ വർഷങ്ങളിലായോ അടവാക്കാവുന്നതാണ്. ആയതിൻ പ്രകാരം കെട്ടിടം കംപ്ലീഷൻ ആയ തീയ്യതി മുതൽ വസ്തു നികുതി അടക്കേണ്ടതായിരുന്നു. എന്നാൽ താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തിന്റെ പൂർത്തീകരണ തീയ്യതി മുതലുള്ള വസ്തു നികുതി ഈടാക്കി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു. (റഗുലറൈസേഷൻ ഫീ അടവാക്കിയ തിയ്യതി- 16.1.2019)

| കെട്ടിട നം & ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന് ചുമത്തിയ നികുതി | നികുതി ചുമത്തിയ തീയ്യതി. | കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയ തീയ്യതി | നികുതി ചുമത്തേണ്ടിയിരുന്ന തീയ്യതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| സെക്രട്ടറി, കാസർഗോഡ് | 6426+322<br>6109+ 306 | 1.4.2018 | 15.7.2017 | 1.4.2017 | 6426+322 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്. കെട്ടിട നം- XXIII- 276 C, 276 D, 276 E | 11862+594 | | (ഫയൽ നം A2/7161/19.7.2017) | | 6109+ 306<br>11862+594 |
| ആകെ | 24,397 + 1222 | | | | 24,397 +<br>1222 |

15.7.2017-നാണ് വസ്തുനികുതി കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയതായി കംപ്ലീഷൻ നല്കിയിട്ടുള്ളത്, ആയത്കൊണ്ട് 2017-18 സാമ്പത്തിക വർഷം മുതലാണ് നികുതി അടക്കേണ്ടത് എന്നാൽ ഇവിടെ നികുതി ചുമത്തിയിട്ടുള്ളത് 1.4.2018 മുതലാണ്. ആയത് എത്രയും പെട്ടെന്ന തന്നെ ക്രമീകരിക്കേണ്ടതും നികുതിയിനത്തിൽ കുറവ് വന്ന 25,619 രൂപ (24,397 +1222) ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

<u>B)കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു</u>

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം കുമ്പള ഗ്രാമ പഞ്ചായത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 50 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

ഉടമസ്ഥന്റെ പേര് -- നാരായണ.എൻ

കെട്ടിട നമ്പർ -- Ward No IV/419-B മുതൽ IV/419-I വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-GF-177.02 m2

നികുതി പ്രാബല്യത്തിൽ വന്ന തീയ്യതി- 01.4.2018 ( അസസ്സ് മെന്റ് തീയ്യതി- 11.9.2018)

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F-177.02m2 | 50 X 177.02= 8851 | 20%= 1770 | -- | 10,621 +LC | 60 X 177.02= 10,621 | 20%= 2124 | -- | 12,745 +LC | 2,124 +LC |

വസ്തു നികുതിയിനത്തിൽ കുറവു വന്ന 2230(2124 + 106) രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം- 12.11.2019.)

## 2-2 റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തിൽ ഗാർഹിക കെട്ടിടങ്ങൾക്ക് 3 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യൂപൻസികൾക്കും ച.മീ ന് 5 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. 2018-19 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടത്തിന്റെ രാജിയാക്കൽ ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു.

| അപേക്ഷകന്റെ പേര് | പെർമിറ്റ് നമ്പറും കാലാവധിയും | തറവിസ്തീർണം, ഒക്യൂപൻസി, comp തീയ്യതി | റഗുലറൈസേഷൻ ഫീ അടവാക്കിയ തിയ്യതി | ഈടാക്കിയ തുക | രാജിയാക്കൽ ഫീ | കുറവു വന്ന തുക |
|---|---|---|---|---|---|---|
| സെക്രട്ടറി, കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്. കെട്ടിട നം-XXIII-276 C, 276 D, 276 E | BP 5251/10 dt 13.04.2010<br>ഈ പെർമിറ്റ് ഒരു തവണ പുതുക്കിയിട്ടുണ്ട്. @ 13.04.2013 to 12.04.2016 വരെ | 3011.82m2, ഹോസ്പിറ്റൽ കെട്ടിടം, 15.7.2017<br>(ഫയൽ നം A2/7161/19.7.2017) | 16.1.2019 | 7,305 | 30,118 | 22,813 |

ഈ കെട്ടിടത്തിന്റെ പെർമ്മിറ്റ് കാലാവധി 12.04.2016-ന് അവസാനിച്ചതിനു ശേഷമാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉടമസ്ഥൻ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. പെർമ്മിറ്റ് കാലാവധി പുതുക്കാതെയും/നീട്ടാതെയും ഇരുന്നതിനാലാണ് കെട്ടിടം റഗുലറൈസേഷൻ ചെയ്യേണ്ടി വന്നത്. മുകളിൽ വിവരിച്ച പ്രകാരം കുറവ് വന്ന 22,813 രൂപ ഉത്തരവാദിയായ വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗവ:സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം - മരഫർണിച്ചറുകൾക്ക് കൂടിയ നിരക്ക് അംഗീകരിച്ചു.- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ 2018-19 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ പ്രൊ.നം.224/2019 (SO) (ഗവ.സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം) പ്രകാരം വിവിധയിനം ഫർണിച്ചർ വിതരണം ചെയ്ത വകയിൽ സ്റ്റീൽ മേശ , പ്ലാസ്റ്റിക് കസേര എന്നിവ വിതരണം ചെയ്ത വകയിൽ 4,00,000/ രൂപ (ചെക്ക്.നം 38823/28-3-2018 ₹58,000 & ബിൽ നം.01/23-5-2018 ₹3,42,000 സംരക്ഷണ ഗ്രാന്റ് റോഡിതരം) ) റോയൽ ഫർണിച്ചർ കുമ്പള എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ചെവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി .

1) മേൽ പദ്ധതിയ്ക്കായി 3 സ്ഥാപനങ്ങൾ ടെണ്ടറുകൾ സമർപ്പിച്ചിരുന്നു. 08.2.2018 ചേർന്ന ഗ്രാമ പഞ്ചായത്ത് തല പർച്ചേസിങ്ങ് കമ്മിറ്റി ഇക്കാര്യം അജണ്ടയായി ഉൾപ്പെടുത്തിയരുന്നുവെങ്കിലും വാങ്ങൽ നടപടികൾക്ക് അംഗീകാരം നൽകിയതിന്റെ വിവരങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ടെണ്ടറുകൾ സ്റ്റീൽ അലമാര , ഫൈബർ ചെയർ , ബേബി ചെയർ ബേബി ബെഞ്ച് എന്നിവയ്ക്ക് റോയൽ ഫർണീച്ചർ കുമ്പള എന്ന സ്ഥാപനം കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത് . എന്നാൽ പദ്ധതിപ്രകാരം വാങ്ങിയ 12 വീതം മരം കൊണ്ടുള്ള ഡെസ്ക്, ബെഞ്ച് എന്നിവയ്ക്ക് , ടെണ്ടർ സമർപ്പിച്ച മറ്റ് സ്ഥാപനങ്ങളേക്കാൾ കൂടിയ നിരക്കാണ് റോയൽ ഫർണീച്ചർ കുമ്പള എന്ന സ്ഥാപനം ക്വാട്ട് ചെയ്തിരുന്നത് . പ്രസ്തുത നിരക്ക് അനുവദിച്ച് തുക നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ഫിഡ്കോ ഏജൻസീസ് ജംഗിൾ വുഡ് കൊണ്ടുള്ള ഡെസ്കിന് 2,700/- രൂപയും, ബെഞ്ചിന് 2,200/- രൂപയുമാണ് ക്വാട്ട് ചെയ്തത്. എന്നാൽ ഇത് പരിഗണിക്കാതെ ഡെസ്ക് 3,400/-രൂപ നിരക്കിലും, ബെഞ്ച് 2,950/- രൂപ നിരക്കിലും റോയൽ ഫർണീച്ചർ കുമ്പള എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനാൽ സർക്കാർ ഖജനാവിന് 17,400/ രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ( ഡെസ്കിന് 700 രൂപ വീതവും , ബെഞ്ചിന് 750 രൂപ വീതവും അധികം). അധികം നല്കിയ 17,400 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

3) റോയൽ ഫർണീച്ചർ കുമ്പള നല്കിയ പർച്ചേസ് ബില്ലിൽ പദ്ധതിപ്രകാരം വാങ്ങിയ മര ഫർണിച്ചർ ഏത് ഇനം മരം കൊണ്ട് നിർമ്മിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല.ആയത് സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -നം.11/14-11-2019- നൽകിയ മറുപടിയിൽ വിവിധയിനങ്ങൾക്കായി മൊത്തത്തിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനാണ് ടെണ്ടർ നൽകിയതെന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യപ്പെട്ട ഇനങ്ങൾ പ്രത്യേകം വാങ്ങണമെന്ന നിർദ്ദേശം പർച്ചേസിങ്ങ് കമ്മിറ്റി നൽകിരുന്നില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിച്ചിട്ടുണ്ട്)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 29-08-2019 മുതൽ 30-08-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/852/2019, തീയ്യതി.30-08-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 255000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ്(പ്രൊ.നം 93/19) | 255000 | 0 |
| | 2018-19 | 200000 | പാലിയേറ്റീവ് കെയർ (പ്രൊ.നം 34/19) | 200000 | 0 |
| | 2018-19 | 1243386 | ലൈഫ് ഭവന പദ്ധതി(കുമ്പള സർക്കിൾ) (പ്രൊ.നം 331/19) | 1000000 | 243386 |
| | 2018-19 | 700000 | ലൈഫ് ഭവന പദ്ധതി( ബംബ്രാണ സർക്കിൾ)(പ്രൊ.നം 333/19) | 660000 | 40000 |
| | 2018-19 | 148700 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക ൾക്ക് സ്കോളർഷിപ്പ് (പ്രൊ.നം 28/19) | 148700 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 583100 | നെൽകൃഷിക്ക് കൂലിചെലവ് (പ്രൊ.നം 96/19) | 562732 | 20368 |
| | 2018-19 | 300000 | പാലിയേറ്റീവ് കെയർ (പ്രൊ.നം 34/19) | 299997 | 3 |
| | 2018-19 | 987400 | ലൈഫ് ഭവന പദ്ധതി (കുമ്പള സർക്കിൾ)(പ്രൊ.നം 331/19) | 960000 | 27400 |
| | 2018-19 | 1326818 | ലൈഫ് ഭവന പദ്ധതി( ബംബ്രാണ സർക്കിൾ) (പ്രൊ.നം 333/19) | 1286000 | 40818 |

സംയുക്ത പദ്ധതികൾക്കായി ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | പ്രൊ.നം 156/18-19 പിലങ്കരി കുടിവെള്ള പദ്ധതി | --258516/ 25-2-2019 | 4,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 4,00,000 |
| കെ.എസ്.ഇ.ബി കുമ്പള സെക്ഷൻ | പ്രൊ.നം 325/18-19 വിവിധ സ്ഥലങ്ങളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | --586392/ 29-09-2018 | 3,65,581 | ,, | 3,65,581 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി കാസറഗോഡ് | പ്രൊ.നം.184/18-19 കോയിപ്പാടി കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ | --1323582/ 08-03-2019 | 5,40,000 | ,, | 5,40,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | പ്രൊ.നം.154/18-19 ആരിക്കാടി കാർലേ കുടിവെള്ള പദ്ധതി | --1558508/ 27-2-2019 &<br>1323562/ 08-3-2019 | 2,95,000<br>15,000 | ,, | 3,10,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | പ്രൊ.നം.161/18-19 നീരോളി എസ്.സി കോളനി കുടിവെള്ള പദ്ധതി | --1258521/ | 3,50,000 | ,, | 4,00,000 |

| | | | | | |
|---|---|---|---|---|---|
| | | 25-2-2019 & | | | |
| | | 1323580/ 08-3-2019 | 50,000 | | |
| -ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കാസറഗോഡ് | പ്രൊ.നം.159/18-19 കുമ്പള കുണ്ടങ്കാരടുക്ക കുടിവെള്ള പദ്ധതി | - -1258520/ 25-2-2019 & | 3,50,000 | ,, | 3,85,000 |
| | | 1323578/ 08-3-2019 | 35,000 | | |
| | | ആകെ | ₹24,00,581 | | 24,00,581 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

# 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും , തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം.68/2018 തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം.111/2018 തസ്വഭവ. തി.13-8-2018 | 11287549 | 0 | | 0 | 11287549 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|

| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ- വിൽപ്പന നികുതി ഈടാക്കാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം- അധിക സബ്സിഡി | നിയമസഭാ സമിതി പരിഗണനയിൽ |
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം- വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് പ്രകാരം ഈടാക്കിയ തുക- ഇല്ല

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് പ്രകാരം ഈടാക്കിയ തുക- ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,54,56,378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,66,25,781 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹50,662/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹17,400/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹28,13,181 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 2-1(A) | ₹25,619 /-- | - | ശ്രീ.ജയൻ.പി, സെക്രട്ടറി |
| 2-1(B) | ₹2,230/- | - | ശ്രീ.ജയൻ.പി, സെക്രട്ടറി |
| 2(2) | ₹22,813/- | - | ശ്രീ.ജയൻ.പി, സെക്രട്ടറി |
| 3(1) | - | ₹17,400/- | ശ്രീ.രാമചന്ദ്രഭട്ട് എസ്., ഹെഡ്മാസ്റ്റർ |
| ആകെ | ₹50,662/- | ₹ 17,400/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1(25) | 3,66,600/- | ശ്രീ,ഷൈൻ കുമാർ .എ.ടി, അസി.സെക്രട്ടറി &വേണു.ബി. അസി.സെക്രട്ടറി |
| 1(27) | 46,000/- | ശ്രീ.രാമചന്ദ്രഭട്ട്.എസ്,ഹെഡ്മാസ്റ്റർ |
| 1(29) | 24,00,581/- | ശ്രീ.ജയൻ.പി , സെക്രട്ടറി |
| ആകെ | 28,13,181 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയൻ.പി സെക്രട്ടറി. | സെക്രട്ടറി, പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്. | ശ്രീ നിലയം, നിയർ വിനായക ടാക്കീസ് ഹോസ്ദുർഗ്ഗ്, കാഞ്ഞങ്ങാട് കാസറഗോഡ് ജില്ല- 671315 |
| ശ്രീ.രാമചന്ദ്ര ഭട്ട്.എസ് ഹെഡ്മാസ്റ്റർ. | ഹെഡ്മാസ്റ്റർ ജി.ഡബ്ല്യു.എൽ.പി.സ്കൂൾ കുമ്പള | "സൃഷ്ടി", മുളിയടുക്ക , കൊടിയമ്മ.പി.ഒ, കുമ്പള , കാസറഗോഡ് ജില്ല |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | LFC12/1423/90 Dated 10.07.1990 | 12 |
| 1985-86 | LFC12/232/92 Dated 07.03.1992 | 13 |
| 1986-87 | LFC12/1515/92 Dated, 07.12.1993 | 6 |
| 1987-88/ 88-89 | LFKSD1/131/94 Dated, 24.06.96 | 6 |
| 89-90, 90-91 | LFKSD5/354/99 Dated 08.12-99 | 2 |
| 96-97 | LFKSD6/826/04, Dated 10.07.2006 | 8 |
| 96-97(Expt) | KSA/KSD.6/660/2019(3) തി. 11.06.2019 | 03 |
| 97-98 (do) | KSA/KSD.6/660/2019(4) തി. 11.06.2019 | 12 |
| 98-99 (Plan Fund) | KSA/KSD.6/660/2019(6) തി. 11.06.2019 | 6 |

| | | |
|---|---|---|
| 99-00(do) | KSA/KSD.6/660/2019(8) തി. 11.06.2019 | 1 |
| 00-01(do) | LFKSD6/365/04/ Dated, 11.01.06 | 7 |
| 2001-02 (do) | LFKSD6/359/04, Dated, 11.01.06 | 4 |
| 2000-01(final) | LFKSD4/468/08, Dated, 16.9.2010 | 15 |
| 1999-00(do) | KSA/KSD.6/660/2019(9) തി. 11.06.2019 | 9 |
| 98-99(do) | KSA/KSD.6/660/2019(7) തി. 11.06.2019 | 9 |
| 2001-02(do) | LFKSD4/196/12 Dated, 13.8.2012 | 6 |
| 2002-03 | LFKSD4/986/08, Dated, 9.09.09 | 10 |
| 2003-04 | LFKSD4/222/09 Dated, 13.07.10 | 8 |
| 2004-05 | LFKSD4/229/09 Dated, 26.08.10 | 10 |
| 2005-06 | LFKSD4/230/09/Dated,27.08.10 | 15 |
| 2006-07 | LFKSD4/406/09 Dated, 27.09.10 | 18 |
| 2007-08 | LFKSD4/362/12 Dated, 12.9.2012 | 8 |
| 2008-09 | LFKSD4/294/13 Dated, 22.3.2013 | 19 |
| 2009-10& 2010-11 | LFKSD4/125/13 Dated, 27.07.13 | 22 |
| 2011-12 | LFKSD8/388/16, Dated, 20.4.2016 | 17 |
| 2012-13& 2013-14 | LFKSD8/ 28/15, Dated, 17.2.2016 (FR) | 19 |
| 2014-15 | KSA-KSD6/664/2015 dated 07.10.2016 | 14 |
| 2015-16 | KSA-KSD6/33/2017dated 15.12.2017 | 16 |
| 2016-17 | KSA-KSD6/732/2017dt. 02.02.2018 | 24 |
| 2017-18 | KSA-KSD 6/1383/2018 dt. 25.7.2019 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം: കെ.എസ്.എ/കെ.എസ്.ഡി.6/1101/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയ, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 09-01-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1.(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u>

| | | | |
|---|---|---|---|
| Kumbla Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 6273699.64 |
| Cash | Cash | RP-40(a) | 189541.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1826331.00 |
| 130000000 | Rental income from Panchayat Properties | RP-3 | 13000.00 |
| 140000000 | Fees & User Charges | RP-4 | 1041066.00 |
| 150000000 | Sale & Hire Charges | RP-5 | 205088.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52169296.00 |
| 171000000 | Interest Earned | RP-9 | 240900.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10159591.00 |
| 350000000 | Other Liabilities | RP-36 | 490313.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3024.00 |
| 311000000 | Earmarked Funds | RP-29 | 149.00 |
| 330000000 | Secured Loans | RP-32 | 11287549.00 |
| 340000000 | Deposits Received | RP-34 | 105098.00 |
| 350000000 | Other Liabilities | RP-36 | 707699.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 17156647.00 |
| 460000000 | Loans, Advances and Deposits | RP-47 | 50627.00 |
| | **Grand total** | | **101919618.64** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4713515.00 |
| 220000000 | Administrative Expenses | RP-12 | 981282.00 |
| 230000000 | Operations & Maintenance | RP-13 | 1625849.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5517119.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27595236.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 943206.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 243805.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1232800.00 |
| 255000000 | Maintenance Projects | RP-20 | 8565672.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 776300.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | 10262.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 270942.00 |
| 350000000 | Other Liabilities | RP-36 | 5471257.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 7295.00 |
| 340000000 | Deposits Received | RP-34 | 69826.00 |
| | [illegible] | [illegible] | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 2354499.00 |
| 410000000 | Fixed Assets | RP-38 | 5457456.00 |
| 412000000 | Capital work in Progress | RP-40 | 481045.00 |
| 440000000 | Pre-paid Expenses | RP-45 | 8440000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1368415.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 24934359.64 |
| Cash | Cash | RP-40(b) | 359478.00 |
| | **Grand Total** | | **101919618.64** |

# അനുബന്ധം-3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kumbla Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8506373.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1961079.00 |
| 140000000 | Fee & User Charges | I-4(b) | 1238366.00 |
| 150000000 | Sale & Hire Charges | I-5(b) | 205088.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137347793.00 |
| 171000000 | Interest Earned | I-8 | 240900.00 |
| 180000000 | Other Income | I-9 | 3024.00 |
| | **Total Income** | | **149502623.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12364549.00 |
| 220000000 | Administrative Expenses | I-11(b) | 981282.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 1625849.00 |
| 240000000 | Interest & Finance Charges | I-13 | 7295.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5517119.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51400313.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 943206.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 243805.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58579000.00 |
| 255000000 | Maintenance Projects | I-14(e) | 8565672.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 776300.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 8440901.00 |
| | **Total Expenditure** | | **149945291.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-442668.00** |
| 280000000 | Prior Period Item | I-18 | -70167.10 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-372500.90** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# <u>അനുബന്ധം-4</u> <u>ബാലൻസ് ഷീറ്റ്</u>

| Kumbla Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule | Amount |

| | | | |
|---|---|---|---|
| | | No | |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 30685963.27 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3819.00 |
| 312000000 | Reserves | B-3 | 51205066.00 |
| | **Total Reserve & Surplus** | | **81894848.27** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12044631.00 |
| | **Total Grants, Contributions for Specific Purposes** | | **12044631.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 11287549.00 |
| | **Total Loans** | | **11287549.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 349802.00 |
| 350000000 | Other Liabilities | B-9 | 3125043.37 |
| | **Total Current Liabilities and Provisions** | | **3474845.37** |
| | TOTAL LIABILITIES | | **108701873.64** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 91873634.00 |
| 411000000 | Accumulated Depreciation | B-11 | -24670219.00 |
| 412000000 | Capital Work in Progress | B-11(a) | 2886961.00 |
| | **Total Fixed Assets** | | **70090376.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3241594.00 |
| 440000000 | Pre-paid Expenses | B-16 | 8440000.00 |
| 450000000 | Cash and Bank Balance | B-17 | 25293837.64 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 1636066.00 |
| | **Total Current Assets, Loans and Advances** | | **38611497.64** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **108701873.64** |